**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462** **10-10-2024 - ൽ മറുപടിയ്ക്ക്**

**പോക്കുവരവിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം വില്ലേജ് ഓഫീസുകളിൽ പോക്കുവരവിന് സമർപ്പിക്കുന്ന അപേക്ഷകളിൽ മാസങ്ങളുടെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പോക്കുവരവിന് ലഭിക്കുന്ന അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണോ തീർപ്പാക്കുന്നത് ; ടി അപേക്ഷകൾ തീർപ്പാക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ടി അപേക്ഷകൾക്ക് സമയ പരിധി നിശ്ചയിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; | (ബി) | പോക്കുവരവിനായി ലഭിക്കുന്ന അപേക്ഷകൾ സീനിയോരിറ്റി പ്രകാരം നിയമാനുസൃത മുള്ള സമയപരിധി അനുസരിച്ച് തീർപ്പാക്കി വരുന്നു. നിയമ തടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത കേസുകളിൽ പോക്കുവരവ് ചട്ടപ്രകാരം 40 ദിവസം എന്ന സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിലെ മണക്കാട്, കടകംപള്ളി, വഞ്ചിയൂർ വില്ലേജുകളിൽ പോക്കുവരവിനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ? | (സി) | തിരുവനന്തപുരം ജില്ലയിലെ മണക്കാട്, കടകംപള്ളി, വഞ്ചിയൂർ വില്ലേജുകളിൽ പോക്കു വരവിനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>കടകംപള്ളി വില്ലേജിൽ സെറ്റിൽമെന്റ് രജിസ്റ്ററിൽ നിന്ന് വ്യത്യസ്തമായി കൈവശഭൂമി ഉള്ള ആളുകൾക്ക് കരമടയ്ക്കാൻ പ്രയാസപ്പെടുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ച് നിയമപരമായി സ്വീകരിക്കേണ്ട നടപടി സ്വീകരിക്കുന്നതാണ്.പോക്കുവരവ് കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് ഭൂരേഖ തഹസിൽദാർമാ ർക്കും വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ